"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൻജിനീയറിംഗ് വിഭാഗം - SC 55/2023/KTM- ഓപ്പറേഷൻ ബ്ലൂ പ്രിന്റ് - കോട്ടയം പായിപ്പാട് ഗ്രാമപഞ്ചായത്ത്- 2023 - 2024 കാലയളവിൽ St. Joseph High School, St. Joseph School എന്നീ സ്കൂളുകൾക്ക് മതിയായ പരിശോധന നടത്താതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിലും ചാക്കോ ജോസഫ് (ചെറ്റക്കാട്ട്, പെരുന്ന.പി.ഒ)-ന്റെ ഉടമസ്ഥതയിലുള്ള 15/104 നമ്പർ വാണിജ്യ കെട്ടിടത്തിന് ഒക്യൂപ്പെൻസി നൽകിയതിലും, റഗുലറൈസ്ഡ് പ്ലാനിന് വിരുദ്ധമായി ടി കെട്ടിടത്തിന്റെ റൂഫ് ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് മേഞ്ഞിട്ടുള്ളതിലുമുള്ള ക്രമക്കേട്- ഉത്തരവാദികളായ ജീവനക്കാർക്കെതിരെ KCS(CCA) Rules 1960 Rule 15(2) പ്രകാരം ഔപചാരിക അന്വേഷണം- ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിയ്ക്കുന്നത് - സംബന്ധിച്ച്.

---

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യൂ) വകുപ്പ്.**

G.O.(Rt)No.149/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.05.2024-ലെ E7-(SC-55/2023/KTM)54685/2023/DVACB നമ്പർ കത്ത്.
2. പായിപ്പാട് ഗ്രാമപഞ്ചായത്ത്, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. അസ്ജാദ് എം.എഫ്-നെതിരെയുള്ള 12.11.2024-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീ. അസ്ജാദ് എം.എഫ് സർപ്പിച്ച 10.12.2024-ലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.06.2025-ലെ LSGD/PD/40238/2024-VIGB5 നമ്പർ അഭിപ്രായ കുറിപ്പ്.

**<u>ഉത്തരവ്</u>**

ഓപ്പറേഷൻ ബ്ലൂ പ്രിന്റിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ 12.10.2023-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ടി ഗ്രാമ പഞ്ചായത്തിലെ 15-ാം വാർഡിലെ ളായിക്കാട് ഭാഗത്ത് സ്ഥിതി ചെയ്യുന്ന St. Joseph School-ലേയും 14-ാം വാർഡിലെ കൊല്ലാപുരം ഭാഗത്ത് സ്ഥിതി ചെയ്യുന്ന St. Joseph High School-ലേയും കെട്ടിടങ്ങളുടെ മേൽക്കൂരകൾക്കും ഉത്തരങ്ങൾക്കും കേടുപാടുകളും കാലപ്പഴക്കവും മൂലം ബലക്ഷയമുണ്ടായിരുന്നിട്ടും ടി സ്കൂളുകൾക്ക് മതിയായ പരിശോധന നടത്താതെ യഥാക്രമം 25.05.2023, 09.05.2023 തീയതികളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിലും ടി ഗ്രാമപഞ്ചായത്തിലെ ചാക്കോ ജോസഫ്, ചെറ്റക്കാട്ട്, പെരുന്ന പി.ഒ എന്നയാളുടെ ഉടമസ്ഥതയിലുള്ള റീസർവ്വെ നമ്പർ 514/4-6 ൽ ഉൾപ്പെട്ട 6.04. ആർ വിസ്തൃതിയിലുള്ള 15/104-ാം നമ്പർ വാണിജ്യ കെട്ടിടത്തിന് KPBR പ്രകാരമുള്ള റാമ്പുകൾ ഇല്ലാതെയും, സെറ്റ് ബാക്കുകൾ ഇല്ലാതെയും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ 13.02.2023 തീയതിയിലെ റിപ്പോർട്ട് പ്രകാരം 104/D ആയി 22.02.2023 തീയതി ഒക്യൂപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയതിലും,

റഗുലറൈസ്ഡ് പ്ലാനിന് വിരുദ്ധമായി ടി കെട്ടിടത്തിന്റെ റൂഫ് ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് മേഞ്ഞിട്ടുള്ളതിലുമുള്ള ക്രമക്കേടിനുത്തരവാദി പ്രസ്തുത ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ (11.02.2021 മുതൽ 14.07.2023 വരെയുള്ള കാലയളവ്) ശ്രീ. അസ്ജാദ് എം. എഫ്. (പെൻ:698700, വിരമിക്കൽ തീയതി: 30.05.2043) ആണെന്ന് കണ്ടെത്തുകയും ആയതിനാൽ പരാമർശം (1) പ്രകാരം ടിയാനിൽ നിന്നും വിശദീകരണം വാങ്ങി വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി.

മേൽപ്പറഞ്ഞ ഗുരുതരക്രമക്കേടുകൾക്കുത്തരവാദിയായ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. അസ്ജാദ് എം.എഫ്-ന് കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരാമർശം (2) കുറ്റപത്രം നല്കുകയും പരാമർശം (3) പ്രകാരം ടിയാൻ കുറ്റം നിഷേധിക്കുകയുമുണ്ടായി.

ആയതിനാൽ കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. അസ്ജാദ് എം.എഫ്(പെൻ: 698700)-ന് എതിരെ അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം (15)(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചു. അതിനായി കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ശരവണേശ്വർ എൽ.ആർ (പെൻ:187163)-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ KCS(CCA) Rules 1960, Manual of Disciplinary Procedure എന്നിവപ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ച് രേഖകൾ സഹിതമുള്ള അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
UNDER SECRETARY

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.ശരവണേശ്വർ എൽ.ആർ (പെൻ:187163), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം **(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**.
3. ശ്രീ. അസ്ജാദ് എം.എഫ്, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, പായിപ്പാട് ഗ്രാമപഞ്ചായത്ത്, കോട്ടയം **(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവന്തപുരം.
5. കരുതൽ ഫയൽ ( EWA1/65/2024-LSG)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 17-01-2026 11:33:08

സെക്ഷൻ ഓഫീസർ